നാം ജീവിച്ച് കൊണ്ടിരിക്കുന്ന ഭൂമിയിൽ കോടിക്കണക്കിന് ജീവികളും, വസ്തുക്കളുമുണ്ട്. ഈ ജീവികളിൽ നിന്നെല്ലാം അല്ലാഹു പ്രത്യേകമായി ആദരിക്കുകയും, ശ്രേഷ്ടരാക്കുകയും ചെയ്തിട്ടുള്ള വർഗമാണ് മനുഷ്യ വർഗം. അതുകൊണ്ട് തന്നെ മറ്റു ജീവികൾക്ക് നൽകാത്ത അനുഗ്രഹങ്ങളും അല്ലാഹു മനുഷ്യർക്ക് നൽകിയിട്ടുണ്ട്. അതിൽ ഒന്നാണ് നന്മയും തിന്മയും വിവേചിച്ചറിയുവാനുള്ള സവിശേഷ ബുദ്ധിയെന്നുള്ളത്. മനുഷ്യൻെറ പ്രകൃതത്തിലുള്ളതാണ് നന്മ ചെയ്യുകയെന്നുള്ളത്. എന്നാൽ മനുഷ്യരിലധികവും ആഗ്രഹിക്കുന്നത് തിന്മ ചെയ്യുവാനാണ്. ആദം സന്തതികളിൽ പെട്ട പ്രവാചകന്മാർ ഒഴിച്ച് മറ്റുള്ള മുഴുവനാളുകളും തെറ്റ് ചെയ്യുന്നവരാണെന്ന് പ്രവാചകൻ(ﷺ) പറയുന്നതായി നമുക്ക് കാണാവുന്നതാണ്.

അനസ്(رضي الله عنه)വിൽ നിന്ന്: പ്രവാചകൻ(ﷺ) പറഞ്ഞു: ആദം സന്തതികൾ മുഴുവനും തെറ്റു ചെയ്യുന്നവരാണ്, തെറ്റ് ചെയ്യുന്നവരിൽ നല്ലവർ പശ്ചാതാപിക്കുന്നവരാകുന്നു" (ഇബ്നുമാജ)

എല്ലാവരും തെറ്റു ചെയ്യും, ആ തെറ്റിൽ നിന്ന് വിരമിച്ച് ആരാണോ പശ്ചാതാപിക്കുന്നത് അവരാണ് നല്ലവർ എന്നാണ് തിരുമേനി നമ്മെ ഓർമ്മപ്പെടുത്തുന്നത്. മനുഷ്യരിൽ ഏറ്റവും നല്ലവരായ പ്രവാചകന്മാർ എപ്പോഴും അല്ലാഹുവിനോട് പശ്ചാതാപിച്ചിരുന്നുവെന്ന് ഖുർആൻ നമ്മെ പഠിപ്പിക്കുന്നു. മനുഷ്യരുടെ പിതാവായ ആദം(عليه السلام) പശ്ചാതാപിക്കുന്നത് ഖുർആൻ നമുക്ക് വിവരിച്ച് തരുന്നത് നാം ശ്രദ്ധിക്കുക:

(قَالاَ رَبَّنَا ظَلَمْنَا أَنفُسَنَا وَإِنْ لَمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُونَنَّ مِنْ الْخَاسِرِينَ )

"അവർ രണ്ട്പേരും പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവെ, ഞങ്ങൾ ഞങ്ങളോട് തന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തു തരികയും, കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കും" (അഅ്റാഫ്:23) നൂഹ്നബി(عليه السلام) പറയുന്നു:

"അദ്ദേഹം(നൂഹ്) പറഞ്ഞു: എൻെറ രക്ഷിതാവെ എനിക്കറിവില്ലാത്ത കാര്യം നിന്നോട് ആവശ്യപ്പെടുന്നതിൽ നിന്ന് ഞാൻ നിന്നോട് ശരണം തേടുന്നു. നീ എനിക്ക് പൊറുത്തു തരികയും, നീ എന്നോട് കരുണ കാണിക്കുകയും ചെയ്യാത്ത പക്ഷം ഞാൻ നഷ്ടക്കാരുടെ കൂട്ടത്തിലായിരിക്കും" (ഹൂദ്:47)

മൂസാനബി(عليه السلام) പാപമോചനം തേടുന്നത് ഖുർആൻ പറയുന്നു:
"അദ്ദേഹം പറഞ്ഞു: എൻെറ രക്ഷിതാവെ, തീർച്ചയായും ഞാൻ എന്നോട് തന്നെ അന്യായം ചെയ്തിരിക്കുന്നു. അതിനാൽ നീ എനിക്ക് പൊറുത്തു തരേണമേ. അപ്പോൾ അദ്ദേഹത്തിന് അവൻ പൊറുത്തു കൊടുത്തു. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (ഖസസ്:16)

വേറെയും ഒരുപാട് പ്രവാചകന്മാർ അല്ലാഹുവിനോട് ഇപ്രകാരം പ്രാർത്ഥിക്കുന്നതും, ഇസ്തിഗ്ഫാർ നടത്തുന്നതും നമുക്ക് വിശുദ്ധഖുർആനിൽ കാണാവുന്നതാണ്.

മുഹമ്മദ്(ﷺ) തന്നെ ഒരു ഹദീസിലൂടെ പറയുന്നു:
"അല്ലയോ ജനങ്ങളെ, നിങ്ങൾ അല്ലാഹുവിലേക്ക് പശ്ചാതാപിച്ച് മടങ്ങുക, ഒരു ദിവസം ഞാൻ നൂറ് പ്രാവശ്യം അല്ലാഹുവിലേക്ക് പശ്ചാതാപിച്ച് മടങ്ങുന്നു" (മുസ്ലിം)



പ്രവാചകൻ(ﷺ) തെറ്റ് ചെയ്തിട്ടല്ല ഒരു ദിവസം നൂറ് പ്രാവശ്യം ഇസ്തിഗ്ഫാർ നടത്തുന്നത്, മറിച്ച് അല്ലാഹുവിലേക്ക് കൂടുതൽ അടുക്കുവാനാകുന്നു. അതുകൊണ്ട് തന്നെ ദിനേന എത്രയോ പാപങ്ങൾ ചെയ്യുന്ന നാം എത്രമാത്രം ഇസ്തിഗ്ഫാർ നടത്തണം.

## എത്ര തെറ്റ് ചെയ്താലും പാപമോചനം നടത്തുക:

എത്ര തെറ്റ് ചെയ്താലും നിരാശരാവാതെ അല്ലാഹുവിനോട് പശ്ചാതാപിക്കുക. എനിക്ക് അല്ലാഹു പൊറുത്ത് തരുമോയെന്ന നിരാശ ഒരിക്കലും നമ്മെ പിടികൂടുവാൻ പാടില്ല. അല്ലാഹു പറയുന്നു:

"പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ചുപോയ എൻെറ ദാസന്മാരെ, അല്ലാഹുവിൻെറ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും" (സുമർ:53)

അല്ലാഹുവിൻെറ കാരുണ്യത്തിൽ നിരാശപ്പെടുന്നത് വഴിപിഴച്ചവരാകുന്നു. അല്ലാഹു പറയുന്നു: "അദ്ദേഹം(ഇബ്രാഹിം) പറഞ്ഞു: തൻെറ രക്ഷിതാവിൻെറ കാരുണ്യത്തെപ്പറ്റി ആരാണ് നിരാശപ്പെടുക? വഴിപിഴച്ചവരല്ലാതെ" (ഹിജ്റ്:56)

അല്ലാഹുവിൽ ശിർക്ക് ചെയ്യാതെ എത്ര പാപം ചെയ്താലും അതല്ലാഹു പൊറുക്കുമെന്ന് കാരുണ്യത്തിൻെറ പ്രവാചകൻ(ﷺ) പറയുന്നു: "അനസ്ബ്നുമാലിക്(رضي الله عنه)ൽ നിന്ന്: പ്രവാചകൻ(ﷺ) പറയുന്നത് ഞാൻ കേട്ടു: ഉന്നതനായ അല്ലാഹു പറയുന്നു: മനുഷ്യരെ, എന്നിൽ പ്രതീക്ഷയർപ്പിച്ച് കൊണ്ട് എന്നോട് പ്രാർത്ഥിച്ചാൽ നിന്നിലുള്ളത് മുഴുവനും ഞാൻ പൊറുത്ത് തരുന്നതാണ്, എനിക്കത് പ്രശ്നമേയല്ല. മനുഷ്യരെ, ആകാശത്തിലെ മേഘങ്ങൾ കണക്കേ പാപം ചെയ്താലും നീ എന്നോട് പാപമോചനം ചെയ്താൽ ഞാനത് പൊറുത്ത് തരുന്നതാണ്, എനിക്കത് പ്രശ്നമല്ല, മനുഷ്യരെ, ഭൂമി മുഴുക്കെ പാപം ചെയ്തിട്ട് എന്നിൽ ആരെയും പങ്ക് ചേർക്കാതെയാണ് എന്നെ കണ്ട് മുട്ടുന്നതെങ്കിൽ അത്രയും പാപമോചനവുമായി നിൻെറടുത്ത് ഞാൻവരുന്നതാണ്" (തിർമിദി) മേൽ വിവരിച്ച ഹദീസിൽ നിന്ന് മൂന്ന് കാര്യങ്ങൾ ഗ്രഹിക്കുവാനുണ്ട്: ഒന്ന്: അല്ലാഹുവിനോട് പ്രാർത്ഥിക്കുമ്പോൾ ഉത്തരം ലഭിക്കുമെന്നുള്ള പ്രതീക്ഷ വേണം. രണ്ട്: തെറ്റിൽ നിന്ന് പശ്ചാതാപിക്കണം, അങ്ങിനെ പശ്ചാതാപിക്കുകയാണെങ്കിൽ അല്ലാഹു അത് മുഴുവനും പൊറുക്കുന്നതാണ്. മൂന്ന്: പാപങ്ങൾ പൊറുക്കപ്പെടണമെങ്കിൽ അല്ലാഹുവിൽ ആരെയും പങ്ക്ചേർക്കാതെ തൗഹീദിലടിയുറച്ച് വിശ്വസിക്കുന്നവനാവണം. ശിർക്ക് (അല്ലാഹുവല്ലാത്തവരോട് പ്രാർത്ഥിക്കുക, നേർച്ചയാക്കുക, ബലിയറുക്കുക, അല്ലാഹുവിനോട് മാത്രം ചോദിക്കേണ്ട കാര്യം അല്ലാഹുവല്ലാത്തവരോട് ചോദിക്കുക തുടങ്ങിയ കാര്യങ്ങൾ ശിർക്കിൽ പെട്ടതാകുന്നു) ചെയ്താൽ അവൻെറ പാപങ്ങളൊന്നും പൊറുത്ത് കൊടുക്കുകയില്ല. അല്ലാഹു പറയുന്നു:

(إِنَّ اللَّهَ لاَ يَغْفِرُ أَنْ يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَلِكَ لِمَنْ يَشَاءُ وَمَنْ يُشْرِكْ بِاللَّهِ فَقَدْ افْتَرَى إِثْمًا عَظِيمًا) (سورة النسا:48)



"തന്നോട് പങ്ക്ചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്" (നിസാഅ്:48)
ശിർക്ക് ചെയ്ത്കൊണ്ടാണ് ഒരുവൻ മരിക്കുന്നതെങ്കിൽ അവന് സ്വർഗം നിഷിദ്ധമാണ്, അവൻ എന്നന്നേക്കുമായി നരകത്തിലായിരിക്കും.

(إِنَّهُ مَنْ يُشْرِكْ بِاللَّهِ فَقَدْ حَرَّمَ اللَّهُ عَلَيْهِ الْجَنَّةَ وَمَأْوَاهُ النَّارُ وَمَا لِلظَّالِمِينَ مِنْ أَنصَارٍ)

"അല്ലാഹുവോട് വല്ലവനും പങ്ക്ചേർക്കുന്നപക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവൻെറ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല" (മാഇദ:72)
അടിമകൾക്ക് പാപമോചനം നൽകുവാനായി അല്ലാഹു കൈ നീട്ടിയിരിക്കുന്നുവെന്ന് ഹദീസിൽ നമുക്ക് കാണാം.

അബൂമൂസാ(رضي الله عنه)യിൽ നിന്ന് പ്രവാചകൻ(ﷺ) പറഞ്ഞു: "പകലിൽ തെറ്റ് ചെയ്യുന്നവരുടെ പശ്ചാതാപം സ്വീകരിക്കുവാനായി രാത്രി അല്ലാഹു തൻെറ കൈ നീട്ടുന്നു, രാത്രിയിൽ തെറ്റ് ചെയ്യുന്നവരുടെ പശ്ചാതാപംസ്വീകരിക്കുവാനായി പകലിൽ അല്ലാഹു തൻെറ കൈ നീട്ടുന്നു. പടിഞ്ഞാറിൽ നിന്ന് സൂര്യൻ ഉദിക്കുന്നത് വരെ (അതായത് അവസാന നാൾ വരെ)" (മുസ്ലിം)

## ഇസ്തിഗ്ഫാറിൻെറ ഫലങ്ങൾ:

തെറ്റുകൾ ചെയ്തിട്ട് അല്ലാഹുവിനോട് പശ്ചാതാപിച്ചാൽ അതിന് ഒരുപാട് ഫലങ്ങൾ നമുക്ക് ലഭിക്കുന്നതാണ്.

1- നാം ചെയ്യുന്ന പാപങ്ങൾ അല്ലാഹു പൊറുക്കും.

(وَمَنْ يَعْمَلْ سُوءًا أَوْ يَظْلِمْ نَفْسَهُ ثُمَّ يَسْتَغْفِرْ اللَّهَ يَجِدْ اللَّهَ غَفُورًا رَحِيمًا)

"ആരെങ്കിലും വല്ല തിന്മയും ചെയ്യുകയോ, സ്വന്തത്തോട് തന്നെ അക്രമം പ്രവർത്തിക്കുകയോ ചെയ്തിട്ട് അല്ലാഹുവോട് പാപമോചനം തേടുന്നപക്ഷം ഏറെപൊറുക്കുന്നവനും കരുണാനിധിയുമായി അല്ലാഹുവെ അവൻ കണ്ടെത്തുന്നതാണ്"(നിസാഅ്:110)

2- ശിക്ഷയിൽ നിന്ന് രക്ഷ ലഭിക്കും:

(وَمَا كَانَ اللَّهُ مُعَذِّبَهُمْ وَهُمْ يَسْتَغْفِرُونَ) (الأنفال: 33)

"അവർ പാപമോചനം തേടിക്കൊണ്ടിരിക്കുമ്പോഴും അല്ലാഹു അവരെ ശിക്ഷിക്കുന്നതല്ല" (അൻഫാൽ:33)

3- ദു:ഖം നീങ്ങുകയും, ബുദ്ധിമുട്ടുകളിൽ നിന്ന് രക്ഷ ലഭിക്കുകയും, ഉപജീവനം വിശാലമാവുകയും ചെയ്യും:

പ്രവാചകൻ(ﷺ) പറയുന്നു: "ആരെങ്കിലും പാപമോചനം പതിവാക്കിയാൽ അല്ലാഹു അവന് ദു:ഖത്തിൽ നിന്ന് മോചനവും, എല്ലാ കുടുസതയിൽ നിന്ന് രക്ഷയും, അവൻ വിചാരിക്കാത്ത രൂപത്തിൽ ഉപജീവനവും ലഭിക്കുന്നതാണ്" (ഇബ്നുമാജ- ഈ ഹദീസിൻെറ സനദിൽ അഭിപ്രായ വ്യത്യാസമുണ്ട്)

4- മഴ വർഷിക്കുകയും, സന്താന സൗഭാഗ്യം ലഭിക്കുകയും, സമ്പത്ത് അധികരിക്കുകയും ചെയ്യുന്നതാണ്. അല്ലാഹു പറയുന്നു:
"അങ്ങനെ ഞാൻ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുക. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനാകുന്നു. അവൻ നിങ്ങൾക്കു മഴ സമൃദ്ധമായി അയച്ചു തരും. സ്വത്തുകളും സന്താനങ്ങളും കൊണ്ട് നിങ്ങളെ

അവൻ പോഷിപ്പിക്കുകയും, നിങ്ങൾക്കവൻ തോട്ടങ്ങളുണ്ടാക്കിത്തരികയും, നിങ്ങൾക്കവൻ അരുവികളുണ്ടാക്കിത്തരികയും ചെയ്യും" (നൂഹ്:10-12)

## പ്രത്യേകം ഇസ്തിഗ്ഫാറ് നടത്തേണ്ട സന്ദർഭങ്ങൾ:

1- ആരാധനകൾക്ക് ശേഷം: നമസ്കാരത്തിന് ശേഷം പ്രവാചകൻ(ﷺ) പതിവായി അല്ലാഹുവിനോട് മൂന്ന് പ്രാവശ്യം ഇസ്തിഗ്ഫാർ (استغفر الله) നടത്തിയിരുന്നു.

2- രാത്രിയുടെ അന്ത്യ യാമങ്ങളിൽ: ഖുർആൻ പറയുന്നു:

(كَانُوا قَلِيلاً مِنْ اللَّيْلِ مَا يَهْجَعُونَ * وَبِالأَسْحَارِ هُمْ يَسْتَغْفِرُونَ) (الذاريات:17– 18)

"രാത്രിയിൽ നിന്ന് അല്പഭാഗമേ അവർ ഉറങ്ങാറുണ്ടായിരുന്നുള്ളൂ. രാത്രിയുടെ അന്ത്യവേളകളിൽ അവർ പാപമോചനം തേടുന്നവരായിരുന്നു" (ദാരിയാത്ത്:17-18)

3- ഹജ്ജ് വേളയിൽ അറഫയിലുള്ള നിറുത്തം അവസാനിച്ചതിന് ശേഷം:

"എന്നിട്ട് ആളുകൾ (സാധാരണ തീർത്ഥാടകർ) എവിടെ നിന്ന് പുറപ്പെടുന്നുവോ അവിടെ നിന്നുതന്നെ നിങ്ങളും പുറപ്പെടുക. നിങ്ങൾ അല്ലാഹുവോട് പാപമോചനം തേടുകയും ചെയ്യുക. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (അൽബഖറ:199)

4- സദസ്സുകളിൽ നിന്ന് വിരമിക്കുമ്പോൾ:

"പ്രവാചകൻ(ﷺ) ഒരു സദസ്സിൽ ഇരിക്കുകയും, അതിൽ നിന്ന് വിരമിക്കാനുദ്ദേശിച്ചാൽ പറയാറുണ്ടായിരുന്നു: 'അല്ലാഹുവെ, നീ പരിശുദ്ധനായിരിക്കുന്നു, നിനക്കാണ് സ്തുതി, നീയല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി ആരുമില്ല, നിന്നോട് ഞാൻ പാപമോചനം തേടുകയും, നിന്നിലേക്ക് പശ്ചാതാപിച്ച് മടങ്ങുകയും ചെയ്യുന്നു' സ്വഹാബികൾ ചോദിച്ചു: പ്രവാചകരെ താങ്കൾ ഈ പ്രാർത്ഥന മറ്റു സന്ദർഭങ്ങളിൽ പറയാറില്ലല്ലോ? തിരുമേനി മറുപടി പറഞ്ഞു: 'ഇത് സദസ്സിൽ നിന്ന് വിരമിക്കുമ്പോഴുള്ള പാപമോചനം തേടലാകുന്നു" (അഹ്മദ്)

5- വിജയവും സന്തോഷവുമുണ്ടാവുമ്പോൾ.

"അല്ലാഹുവിൻെറ സഹായവും വിജയവും വന്നുകിട്ടുകയും, ജനങ്ങൾ അല്ലാഹുവിൻെറ മതത്തിൽ കൂട്ടം കൂട്ടമായി പ്രവേശിക്കുന്നത് നീ കാണുകയും ചെയ്താൽ നിൻെറ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം നീ അവനെ പ്രകീർത്തിക്കുകയും, നീ അവനോട് പാപമോചനം തേടുകയും ചെയ്യുക. തീർച്ചയായും അവൻ പശ്ചാതാപം സ്വീകരിക്കുന്നവനാകുന്നു." (നസ്വ്ർ:1-3)

## നാം പാപമോചനം നടത്തുക:

നബി(ﷺ) പറയുന്നു: "ധാരാളം ഇസ്തിഗ്ഫാർ രേഖപ്പെടുത്തിയ ഏടുകൾ ലഭിച്ചവർക്ക് മംഗളം" (ഇബ്നുമാജ) നാവ് കൊണ്ട് മാത്രം ഇസ്തിഗ്ഫാർ നടത്തുകയും, വീണ്ടും അതേ തെറ്റാവർത്തിക്കുകയും ചെയ്താൽ അത് ഇസ്തിഗ്ഫാറാകുകയില്ല. ഫുളൈൽബ്നു ഇയാള്(رضي الله عنه) പറയുന്നു:

(استغفار بلا إقلاع، توبة الكذابين)

"തെറ്റുകളിൽ നിന്ന് വിരമിക്കാതെയുള്ള പാപമോചനം കള്ളന്മാരുടെ പശ്ചാതാപമാകുന്നു"

## ഇസ്തിഗ്ഫാറിൻെറ സുന്നത്തായ രൂപങ്ങൾ:



ഇബ്നുഉമർ(رضي الله عنه)വിനെ പോലെയുള്ള സ്വഹാബികൾ പ്രവാചകൻ(ﷺ) സദസ്സിൽ വെച്ച് താഴെ വരുന്ന ഇസ്തിഗ്ഫാറിൻെറ പദങ്ങൾ ചൊല്ലാറുണ്ടെന്ന് പറയുന്നു:

( رَبِّ اغْفِرْ لِي وَتُبْ عَلَيَّ إِنَّكَ أَنْتَ التَّوَّابُ الرَّحِيمُ ) (أبوداود)

"അല്ലാഹുവെ എനിക്ക് നീ പൊറുത്ത് തരേണമേ, എൻെറ പശ്ചാതാപം നീ സ്വീകരിക്കേണമേ, തീർച്ചയായും നീ പശ്ചാതാപം സ്വീകരിക്കുന്നവനും, കാരുണ്യവാനുമാണല്ലോ"

( أَسْتَغْفِرُ اللَّهَ الْعَظِيمَ الَّذِي لاَ إِلَهَ إِلاَّ هُوَ الْحَيَّ الْقَيُّومَ وَأَتُوبُ إِلَيْهِ غُفِرَ لَهُ )

"എന്നെന്നും ജീവിച്ചിരിക്കുന്നവനും, എല്ലാം നിയന്ത്രിക്കുന്നവനും, ഉന്നതനുമായ അല്ലാഹുവിനോട് ഞാൻ പാപമോചനം നടത്തുന്നു, അവനിലേക്ക് പശ്ചാതാപിക്കുകയും ചെയ്യുന്നു. ആരെങ്കിലും ഇത് പറഞ്ഞാൽ അവന് അല്ലാഹു പൊറുത്ത് കൊടുക്കുന്നതാണ്" (അബൂദാവൂദ്)

## ഇസ്തിഗ്ഫാറിൻെറ നേതാവ്

(اللَّهُمَّ أَنْتَ رَبِّي لاَ إِلَهَ إِلاَّ أَنْتَ، خَلَقْتَنِي وَأَنَا عَبْدُكَ، وَأَنَا عَلَى عَهْدِكَ، وَوَعْدِكَ مَا اسْتَطَعْتُ، أَعُوذُ بِكَ مِنْ شَرِّ مَا صَنَعْتُ، أَبُوءُ لَكَ بِنِعْمَتِكَ عَلَيَّ وَأَبُوءُ لَكَ بِذَنْبِي فَاغْفِرْ لِي فَإِنَّهُ لاَ يَغْفِرُ الذُّنُوبَ إِلاَّ أَنْتَ) (بخاري)

"അല്ലാഹുവെ, നീ എൻെറ രക്ഷിതാവല്ലോ? നീയല്ലാതെ ആരാധനക്കർഹനായി യഥാർത്ഥത്തിൽ ആരുമില്ല. നീയാണെന്നെ സൃഷ്ടിച്ചത്, ഞാൻ നിൻെറ അടിമയാകുന്നു, നീ എന്നിൽ ഏൽപിച്ച ബാധ്യതകളും കരാറുകളും എൻെറ കഴിവിനനുസരിച്ച് നിർവ്വഹിക്കുവാൻ ഞാൻ ബാധ്യസ്ഥനാകുന്നു. ഞാൻ ചെയ്ത തെറ്റുകളിൽ നിന്നും നിന്നോട് ഞാൻ ശരണം തേടുന്നു. ഞാൻ ചെയ്ത തെറ്റുകളെയും, നീ എനിക്ക് നൽകിയ അനുഗ്രഹങ്ങളെയും ഞാൻ അംഗീകരിക്കുകയും ഏറ്റു സമ്മതിക്കുകയും ചെയ്യുന്നു. അതുകൊണ്ട് നീ എനിക്ക് പൊറുത്തു തരേണമേ. നീയല്ലാതെ പാപങ്ങൾ പൊറുക്കുന്നവൻ ആരുമില്ല". തിരുമേനി(ﷺ)വീണ്ടും പറയുന്നു: ആരെങ്കിലും ഇത് യഥാർത്ഥ രൂപത്തിൽ ഉറച്ച് വിശ്വസിച്ച്കൊണ്ട് പകലിൽ പറയുകയും വൈകുന്നേരമാകുന്നതിന് മുമ്പ് അവൻ മരിക്കുകയുമാണെങ്കിൽ അവൻ സ്വർഗവാസിയാകുന്നു, ആരെങ്കിലും ഇത് ഉറച്ച് വിശ്വസിച്ച് കൊണ്ട് രാത്രിയിൽ പറയുകയും നേരം വെളുക്കുന്നതിന് മുമ്പ് മരിക്കുകയും ചെയ്താൽ അവനും സ്വർഗവാസികളിൽ പെട്ടവനാകുന്നു" (ബുഖാരി) അവസാനമായി വിശുദ്ധ ഖുർആനിലെ ഒരു ആയത്തു കൂടി സൂചിപ്പിക്കട്ടെ.

(وَسَارِعُوا إِلَى مَغْفِرَةٍ مِنْ رَبِّكُمْ وَجَنَّةٍ عَرْضُهَا السَّمَوَاتُ وَالأَرْضُ أُعِدَّتْ لِلْمُتَّقِينَ)

"നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള പാപമോചനവും, ആകാശ ഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമ്മനിഷ്ഠ പാലിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്" (ആലു ഇംറാൻ:133)

ഏകനായ അല്ലാഹുവിനോട് മാത്രം ഇസ്തിഗ്ഫാർ നടത്തുകയും, അവനോട് മാത്രം പ്രാർത്ഥിക്കുകയും, പരലോകത്ത് രക്ഷ ലഭിക്കുവാൻ അവനോട് മാത്രം സഹായം ചോദിക്കുകയും ചെയ്യുക. അല്ലാഹു അനുഗ്രഹിക്കുമാറാവട്ടെ. ആമീൻ.



المكتب التعاوني للدعوة والإرشاد وتوعية الجاليات بالجبيل
قسم الجاليات المسلم

# അല്ലാഹുവിൽ

## പാപമോചനത്തിന് തേടുക

തയ്യാറാക്കിയത്:

സയ്യിദ് സഅ്ഫർ സ്വാദിഖ്
ജുബൈൽ ദഅ്‌വ സെൻറർ
ഫോൺ: 03-3625500- 1030

# الإستـــغفـــار

اعداد :

سيد سعفر صادق